സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ആഫീസുകളിൽ നിന്നുള്ള ഉത്തരവ്, സർക്കുലർ, റിപ്പോർട്ട് എന്നിവകളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക മുദ്ര രേഖപ്പെടുത്തേണ്ടത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 12325/22/Est-I** നന്തൻകോട്, **19/12/2022**

---

**പരാമർശം ഃ– ദേവസ്വം കമ്മീഷണറുടെ 02–12–2022 ലെ ROC 47/22/Est-A നമ്പർ റിപ്പോർട്ട്.**

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽ വരുന്ന വിവിധ ആഫീസുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവ്, സർക്കുലർ, റിപ്പോർട്ട് എന്നിവകളിൽ ദേവന്മാരുടെ രൂപം ആലേഖനം ചെയ്തുകൊണ്ടുള്ള emblem അച്ചടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള താണെന്നും ടി നടപടി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉത്തരവുകളുടെ ആധികാരികത നഷ്ടപ്പെടുന്നതിനും വ്യാജ ഉത്തരവുകൾ പ്രചരിക്കുന്നതിനും ഇടവരുത്തുമെന്നതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക emblem മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂവെന്ന് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും വിവരിച്ചുകൊണ്ടുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശ റിപ്പോർട്ട് ലഭിച്ചു.

ടി വിഷയം ബോർഡ് പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുംപ്രകാരം തീരുമാനം കൈക്കൊണ്ടു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ആഫീസുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവ്, റിപ്പോർട്ട്, സർക്കുലർ, കത്ത് എന്നിവകളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക മുദ്ര മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ച് ഉത്തരവാകുന്നു. ഈ നിർദ്ദേശം കർശനമായി പാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്
4. ഫെയർ ആഫീസ് കോപ്പി.

IT Division

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

**SK**